# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1933 — 06.07.2015-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.രാജു | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) | സാമൂഹ്യവനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിൽ അഴിമതി നടക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; ആയത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | എ) സാമൂഹ്യവനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിൽ അഴിമതി നടക്കുന്നതായി പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. |
| ബി) | സാമൂഹ്യവനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തൈകൾ നട്ടുവെന്നും അവയുടെ ഓരോ ഘട്ടത്തിലെയും പരിചരണത്തിനായി എന്ത് തുക ചെലവായെന്നുമുള്ള വിശദവിവരം നൽകുമോ ? | ബി) സാമൂഹ്യവനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഉൽപ്പാദിപ്പിച്ച തൈകൾ വിവിധ സ്കീമുകളിലായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, സംഘടനകൾ തുടങ്ങിയവർ മുഖേന നട്ടുപരിപാലിക്കുന്നതിലേയ്ക്കായി 6974558 വിവിധയിനം തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ ഉല്പാദനത്തിനും പരിചരണത്തിനും മറ്റുമായി 594.11 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ